# മുളങ്കുന്നത്തുകാവ് - പൂങ്കുന്നം റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ L.C. No.15 നു പകരം റെയിൽവേ മേൽപ്പാലനിർമ്മാണത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ വിദഗ്ദ്ധ സമിതി വിലയിരുത്തൽ റിപ്പോർട്ട്.

സമർപ്പണം

ബഹു.ജില്ലാകളക്ടർ

കളക്ട്രേറ്റ്, തൃശ്ശൂർ.

# മുളങ്കുന്നത്തുകാവ് - പൂങ്കുന്നം റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ L.C. No.15 നു പകരം റെയിൽവേ മേൽപ്പാലനിർമ്മാണത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ വിദഗ്ദ്ധ സമിതി വിലയിരുത്തൽ റിപ്പോർട്ട്.

സമർപ്പണം

ബഹു.ജില്ലാകളക്ടർ

കളക്ട്രേറ്റ്, തൃശ്ശൂർ.

# ആമുഖം

ബഹുമാനപ്പെട്ട ജില്ലാകളക്ടർ പരാമർശം തൃശ്ശൂർ ജില്ല, തൃശ്ശൂർ താലൂക്ക് പോട്ടോർ വില്ലേജ് മുളങ്കുന്നത്തുകാവ് പൂങ്കുന്നം റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ L.C. No.15 നു പകരം റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ സാമൂഹിക പ്രത്യാഘാത പഠനത്തിനായി രാജഗിരി ഔട്ട് റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്, രാജഗിരി പി.ഒ, കളമശ്ശേരിയെ ഏൽപിക്കുകയുണ്ടായി. അവർ സാമൂഹിക പ്രത്യാഘാത പഠന വിലയിരുത്തൽ അന്തിമ രേഖ ആഗസ്റ്റ് 8, 2022-ൽ ബഹു.ജില്ലാകളക്ടർക്ക് സമർപ്പിച്ചു. പ്രസ്തുത പഠന റിപ്പോർട്ട് വിലയിരുത്തി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി RFCT LARR Act 2013; order No: DCTSR/4500/2019-E4 പ്രകാരം ഏഴംഗസമിതിയെ നിയമിക്കുകയുണ്ടായി. പ്രസ്തുത കമ്മറ്റി പഠന റിപ്പോർട്ടിന്റെ നിർദ്ദേശങ്ങളും അപാകതകളും കണ്ടെത്തുകയും വിദഗ്ദ്ധ സമിതിയംഗങ്ങൾ പദ്ധതി പ്രകാരം സന്ദർശിക്കുകയും പ്രദേശത്തെ ജനങ്ങളിൽ നിന്നും ഗുണഭോക്താക്കളിൽ നിന്നും വിവരങ്ങൾ ശേഖരിക്കുകയും ക്രോഡീകരിക്കുകയും താരതമ്യപ്പെടുത്തി വിശകലനം നടത്തുകയും ചെയ്തതിന്റെ വെളിച്ചത്തിൽ വസ്തുനിഷ്ഠവും ആധികാരികവും സമഗ്രവും നിക്ഷ്പക്ഷവും നീതിയുക്തവും പ്രായോഗികവുമായ പഠനറിപ്പോർട്ട് .

ഈ സമിതി സാമൂഹിക പ്രത്യാഘാത പഠന അന്തിമരേഖ സസൂക്ഷ്മം വിലയിരുത്തുകയും, വിദഗ്ദ്ധസമിതി റിപ്പോർട്ട്, ബഹുമാനപ്പെട്ട, ജില്ലാകളക്ടർ മുമ്പാകെ സവിനയം തുടർ നടപടികൾക്കായി സമർപ്പിക്കുകയും ചെയ്യുന്നു.

## വിദഗ്ദ്ധ സമിതി അംഗങ്ങളുടെ വിവരം.

| ക്രമ നം | കാറ്റഗറി | പേര് | ഒപ്പ് / തീയ്യതി |
|---|---|---|---|
| 1 | സാമൂഹിക ശാസ്ത്രജ്ഞൻ | 1. ഡോ.ബിനു കെ., അസി. പ്രൊഫസർ, വിമല കോളേജ്, തൃശൂർ - 680 002 ഫോൺ- 9846678530<br>ഇ-മെയിൽ - binupalara1976@gmail.com | 29/10/22 |
| | സാമൂഹിക ശാസ്ത്രജ്ഞൻ | 2. ഡോ.ചാക്കോ ജോസ് പി, പ്രിൻസിപ്പൽ, സെന്റ് അലോഷ്യസ് കോളേജ്, എൽത്തുരുത്ത്<br>ഫോൺ - 9447033292<br>ഇ-മെയിൽ - chackojosep@gmail.com | 29/10/22 |
| 2 | പുനരധിവാസ പ്രവർത്തനങ്ങളിൽ വിദഗ്ധർ | 3. ശ്രീമതി യമുനാദേവി സി.ടി, ഡെപ്യൂട്ടി കളക്ടർ (എൽ.എ), കളക്ടറേറ്റ്, തൃശ്ശൂർ | 29/10/22 |
| | | 4. ശ്രീ. ഷിജൻ വി.ആർ, സ്പെഷ്യൽ തഹസിൽദാർ, എൽ.എ, (സെമി ഹൈസ്പീഡ് റെയിൽവേ പ്രൊജക്ട്)സ തൃശ്ശൂർ | 29/x/2022 |
| 3 | സാങ്കേതിക വിദഗ്ധർ | 5. ശ്രീ.ഹരിദാസൻ എസ്, ഡെപ്യൂട്ടി ജനറൽ മാനേജർ, KRDCL ഫോൺ- 9447721040 | 29/10/22 |
| 4 | ജനപ്രതിനിധി | 6. ശ്രീമതി ഉഷ രവീന്ദ്രൻ, ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ & മെമ്പർ, വാർഡ് 2, ഫോൺ 9744504966<br>7 ശ്രീമതി. ബീന രാധാകൃഷ്ണൻ, മെമ്പർ വാർഡ് 3 ഫോൺ 9847938665 | VSU 29.10.22 |

## സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ പ്രസക്ത ഭാഗങ്ങൾ.

1. ദക്ഷിണ റെയിൽവേയുടെ കീഴിലുള്ള മുളങ്കുന്നത്തുകാവ് റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ ലെവൽ ക്രോസ് 15 നു പകരം മേൽപ്പാലം നിർമ്മിക്കൽ ആണ് പദ്ധതിയുടെ ലക്ഷ്യം.
2. പ്രസ്തുത പദ്ധതിക്കായി 0.7864 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്.
3. മേൽപ്പാലം സാധ്യമാകുന്നതോടെ തിരക്കേറിയ പോട്ടോർ - തിരൂർ റോഡിലേക്കുള്ള പ്രദേശവാസികളുടെ സഞ്ചാരം സുഗമമാകുന്നു.
4. പോട്ടോർ - തിരൂർ റോഡിൽ ആട്ടൂർ ഗ്രാമത്തിലാണ് L.C. No.15 ന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നത്. ഇത് കോലഴി ഗ്രാമപഞ്ചായത്തിലെ 2,3 വാർഡുകളിൽ ഉൾപ്പെട്ടതാണ്.
5. <u>ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരങ്ങൾ</u>

| ക്രമ നം | റീസർവ്വെ നം | വിവരണം | ഏകദേശ വിസ്തീർണ്ണം (ഹെക്ടറിൽ |
|---|---|---|---|
| 1 | 52/8 | പുരയിടം | 0.0003 |
| 2 | 52/11 | പുരയിടം | 0.0194 |
| 3 | 52/12 | പുരയിടം | 0.0227 |
| 4 | 52/13 | നാളിതുവഴി | 0.0022 |
| 5 | 285/1 | പുരയിടം | 0.0035 |
| 6 | 285/2 | പുരയിടം | 0.0066 |
| 7 | 285/3 | പുരയിടം | 0.0028 |
| 8 | 56/10 | പുരയിടം | 0.0503 |
| 9 | 56/11 | പുരയിടം | 0.0173 |
| 10 | 56/12 | പുരയിടം | 0.1046 |
| 11 | 75/1 | പുരയിടം | 0.0347 |
| 12 | 75/2 | പുരയിടം | 0.0442 |

| ക്രമ നം | റീസർവ്വെ നം | വിവരണം | ഏകദേശ വിസ്തീർണ്ണം (ഹെക്ടറിൽ |
|---|---|---|---|
| 13 | 75/3 | പുരയിടം | 0.0945 |
| 14 | 80/1 | പുറമ്പോക്ക് സർക്കാർ തോട് | 0.0096 |
| 15 | 80/3 | നിലം | 0.0565 |
| 16 | 80/4 | നിലം | 0.0563 |
| 17 | 81/1 | പുറമ്പോക്ക് സർക്കാർ തോട് | 0.0105 |
| 18 | 81/5 | പുരയിടം | 0.0288 |
| 19 | 81/6 | പുരയിടം | 0.0116 |
| 20 | 81/7 | പുരയിടം | 0.0033 |
| 21 | 206/2 | നിലം | 0.0002 |
| 22 | 206/3 | പുരയിടം | 0.0128 |
| 23 | 54/പാർട്ട് | പുറമ്പോക്ക് സർക്കാർ തോട് | 0.1010 |
| 24 | 55/പാർട്ട് | പുറമ്പോക്ക് സർക്കാർ തോട് | 0.0443 |
| 25 | 79/പാർട്ട് | പുറമ്പോക്ക് സർക്കാർ തോട് | 0.0484 |

6 പദ്ധതിക്കുവേണ്ടി 25 റീസർവേ നമ്പറുകളിൽപ്പെടുന്ന ഭൂമിയാണ് ഏറ്റെടുക്കുന്നത്. ഇതിൽ 6 റീസർവേ നമ്പറുകളിൽ സർക്കാർ വക ഭൂമിയും മറ്റുള്ളവ സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ളവയാണ്.

7. പദ്ധതിക്കുവേണ്ടി ഏകദേശം 21 ഭൂവുടമകളുടെ ഭൂമിയാണ് ഏറ്റെടുക്കുന്നത്.

8. നിലവിലെ രൂപരേഖ പ്രകാരം ഭൂമി ഏറ്റെടുക്കുകയും ഒരു കുടുംബം താമസിക്കുന്ന വീട് പൂർണ്ണമായും മറ്റു കുടുംബങ്ങളുടെ ചുറ്റുമതിൽ, വൃക്ഷങ്ങൾ, കാർഷെഡ്, കിണർ, ജലസ്രോതസ്സുകൾ എന്നിവ നഷ്ടമാവുകയും ചെയ്യുന്നു.

9. പദ്ധതി ആരംഭിക്കുമ്പോൾ പദ്ധതി പ്രദേശത്തെ മറ്റുഗതാഗത സൗകര്യങ്ങൾ പൂർണ്ണമായോ, ഭാഗികമായോ ബാധിക്കാനിടയുണ്ട്.

10. പദ്ധതി ആരംഭിക്കുന്നതിലൂടെ പദ്ധതിപ്രദേശത്തെ ജനങ്ങൾക്കുണ്ടാകുന്ന വസ്തുവകകളുടെ നാശനഷ്ടങ്ങൾ നിയമപരമായി പരിഹരിക്കേണ്ടതാണ്.

11. പദ്ധതി ബാധിതരാകുന്ന 21 ഉടമകളിൽ 11 ഉടമകൾക്ക് സ്ഥലം പാരമ്പര്യമായി ലഭിച്ചതും 10 ഉടമകൾ വർഷങ്ങൾക്ക് മുമ്പ് ദേവസ്വം ബോർഡ് വെറും പാട്ടമായി കുടുംബങ്ങൾക്ക് നൽകിയതാണെന്നും പഠന റിപ്പോർട്ട് പേജ് 13 ൽ പ്രതിപാദിക്കുന്നു.

12. പദ്ധതിക്ക് വേണ്ടി നിലവിലുള്ള പദ്ധതിയുടെ രൂപരേഖ ലെവൽക്രോസ് 15 -ൽ നിന്നും 97.38 എം ദൂരെ മാറി നിജപ്പെടുത്തിയിരിക്കുന്നതിനാൽ പാരിസ്ഥിതിക ആഘാതം കുറയ്ക്കാൻ അഭികാമ്യമായിരിക്കും.

13. പദ്ധതി നിർമ്മാണവുമായി ബന്ധപ്പെട്ട് വൈദ്യുതി തൂണുകൾ, ടെലഫോൺ തൂണുകൾ എന്നിവ മാറ്റി സ്ഥാപിക്കേണ്ടതുണ്ട്.

14. പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചാൽ എത്രയും വേഗം പണി പൂർത്തിയാക്കി ആധുനികയന്ത്ര സാമഗ്രികളുടെയും സാങ്കേതിക വിദഗ്ദ്ധരുടെയും സഹായത്തോടെ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ കുറച്ച് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

15. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013.

16. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന :സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015.

17. കേരള സർക്കാർ - റവന്യൂ (ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O (Ms) No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം.

18. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി) വകുപ്പിന്റെ 29/12/2017 തീയതിയിലെ G.O (Ms) No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരളസംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസി.

19. വിവരാവകാശ നിയമം 2005.

## വിദഗ്ദ്ധസമിതിയുടെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും

1. തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് പൂങ്കുന്നം LC - No- 15 പ്രാബല്യത്തിൽ വരുന്നതോടെ പദ്ധതി പ്രദേശത്തിന്റെയും അനുബന്ധപ്രദേശങ്ങളുടേയും വളർച്ച ത്വരിതപ്പെടുകയും പുരോഗമനപ്രദമാവുകയും ചെയ്യുന്നു.
2. പദ്ധതി ദീർഘകാലമായി പ്രദേശത്തെ ജനങ്ങളുടെ ആവശ്യവും അനുപേക്ഷണീയവുമാണ്.
3. പദ്ധതി LC-15 യാഥാർത്ഥ്യമാകുന്നതോടെ കോലഴി മുളങ്കുന്നത്തുകാവ് പോട്ടോർ മേഖലകളിലെ ജനങ്ങൾക്ക് തൃശ്ശൂരുമായി സുഗമമായി ബന്ധപ്പെടാനും യാത്രചെയ്യാനും സഹായിക്കുന്നു.
4. പദ്ധതി, പ്രദേശത്തെ വിദ്യഭ്യാസസ്ഥാപനങ്ങളിലേക്കും, ആരാധനാലയങ്ങളിലേയ്ക്കും സുഗമമായി ജനങ്ങൾക്ക് യാത്രചെയ്യാൻ പര്യാപ്തമാണ്.
5. ലെവൽക്രോസ് തുടങ്ങുന്നതിനു മുന്നിലുള്ള അപകടകരമായ വളവ് ഇല്ലാതാക്കി യാത്ര ക്ലേശകരമല്ലാതാക്കുന്നതാണ് നിലവിലുള്ള പദ്ധതി രൂപരേഖ. അതിനാൽ ഭാവിയിൽ പദ്ധതി പ്രദേശത്തെ റോഡുകളിൽ ഉണ്ടായേക്കാവുന്ന അപകടം ഒഴിവാക്കി ജനങ്ങളെ സംരക്ഷിക്കുന്നതാണ് നിയുക്ത പദ്ധതി.
6. പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലം അർദ്ധനഗരവും ജനനിബിഡവും വീടുകളാൽ ചുറ്റപ്പെട്ടതും ആണ്.
7. പദ്ധതി പ്രദേശത്തേക്ക് എത്തുവാൻ നിലവിലുള്ള റോഡല്ലാതെ മറ്റു സൗകര്യങ്ങൾ ഒന്നും തന്നെയില്ല.
8. പദ്ധതി പ്രദേശത്ത് ഇടതൂർന്ന തെങ്ങുകൾ, മാവ്, പ്ലാവ്, റംബൂട്ടാൻ മറ്റു ഫലവൃക്ഷങ്ങൾ, അലങ്കാരച്ചെടികൾ എന്നിവ വളരുന്നു.
9. വിലയ്ക്ക് എടുക്കാനുദ്ദേശിക്കുന്ന ഭൂമി സ്വകാര്യ വ്യക്തികൾ, പുറംമ്പോക്ക്, പരമ്പരാഗതമായി ദേവസ്വം ബോർഡിൽ നിന്നും ലഭിച്ചവ എന്നിവ കാണപ്പെടുന്നു.
10. വിലയ്ക്ക് എടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തെ നിവാസികൾ പ്രധാനമായും കർഷകർ, ഗവൺമെന്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ, ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവർ, വ്യാപാരികൾ മുതലായവരും വ്യത്യസ്ത സാമൂഹിക, സാമ്പത്തിക, സാംസ്കാരിക പശ്ചാത്തലങ്ങളിൽ ഉള്ളവരുമാണ്.

11. പദ്ധതി പ്രദേശത്ത് പക്ഷിസങ്കേതങ്ങളോ, പൂന്തോട്ടങ്ങളോ കാണപ്പെടുന്നില്ല.

12. പദ്ധതി പ്രദേശത്ത് ആരാധനാലയങ്ങളോ, ശ്മശാനങ്ങളോ, വൃത്തിഹീനമായ സ്ഥലങ്ങളോ ഒന്നും തന്നെയില്ല.

13. പദ്ധതി പ്രദേശത്ത് കുട്ടികളുടെ കളിസ്ഥലങ്ങളോ, ആതുരാലയങ്ങളോ, ഹെൽത്ത് സെന്ററുകളോ, അംഗനവാടികളോ ഒന്നും തന്നെ കാണപ്പെടുന്നില്ല.

14. വിലയ്ക്ക് എടുക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് കുടിവെള്ള പദ്ധതി, മൊബൈൽ സംവിധാനം, എന്നിവ കാണുന്നു.

15. പദ്ധതി സാമൂഹികപരമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ പ്രത്യേകം പരിഗണിച്ച് പുനരധിവാസ പ്രവർത്തനങ്ങൾ സാധ്യമാക്കേണ്ടതാണ്.

16. പദ്ധതി പ്രദേശത്ത് താമസിക്കുന്ന കുട്ടികൾ, വൃദ്ധജനങ്ങൾ, വിധവകൾ, ദിവ്യാംഗന്മാർ മറ്റു പിന്നോക്കാവസ്ഥയിലുള്ളവർ എന്നിവരുടെ ന്യായമായ ആവശ്യങ്ങൾ പരിഗണിച്ച് സമയബന്ധിതവും നിയമപരവുമായ ഇടപെടലുകൾ നടത്തി പുനരധിവാസം സാധ്യമാക്കേണ്ടതാണ്.

17. പദ്ധതിയിലൂടെ കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് ന്യായമായ നഷ്ടപരിഹാരം സമയബന്ധിതമായി ലഭിക്കുവാനർഹതപ്പെട്ടവരാണ്.

18. ഭൂമിയുടെ ന്യായവില സംബന്ധിച്ച ആശങ്കകൾ, പദ്ധതി പ്രദേശത്തെ ജനങ്ങൾ ഉന്നയിക്കുകയുണ്ടായി.

19. പദ്ധതിക്കായി സ്ഥലം എടുക്കുമ്പോൾ ഭാഗികമായി കേടുപറ്റുന്ന വീടുകളുടെ നഷ്ടപരിഹാരം സാധ്യമാക്കേണ്ടതാണ്.

20. പ്രസ്തുത പ്ലാൻ ജനങ്ങൾക്കുപകാരപ്രദവും ദീർഘകാലമായി ജനങ്ങളുടെ ആവശ്യവുമാണ്. ഇത് യാഥാർത്ഥ്യമാകുന്നതിലൂടെ ലക്ഷകണക്കിന് ജനങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു.

## സംഗ്രഹം

മുളങ്കുന്നത്തുകാവ് - പൂങ്കുന്നം റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ എൽസി - 15 നു പകരം റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുവേണ്ടി തൃശ്ശൂർ ജില്ലയിൽ പോട്ടോർ വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നടപടിക്കുവേണ്ടി സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം ബഹു. തൃശ്ശൂർ കളക്ടറുടെ നിർദ്ദേശ പ്രകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് നടത്തുകയുണ്ടായി. പ്രസ്തുത അന്തിമരേഖ വിലയിരുത്തുന്നതിനായി കളക്ടർ നിയോഗിച്ച ഏഴംഗ സമിതി അന്തിമ രേഖ പഠിച്ച് വിലയിരുത്തി നിഗമനത്തിലെത്തിച്ചേർന്നു.

കേരളത്തിന്റെ സമഗ്രവികസനത്തിനും പുരോഗതിക്കും റെയിൽ ഗതാഗതം വഹിക്കുന്ന പങ്ക് നിസ്തുലമാണ്. മുളങ്കുന്നത്തുകാവ്- പൂങ്കുന്നം റെയിൽവേ സ്റ്റേഷനുകൾക്കിടയിലുള്ള എൽസി - 15 നു പകരം റെയിൽവേ മേൽപ്പാലം നിർമ്മിക്കുമ്പോൾ പദ്ധതി പ്രദേശത്ത് സമഗ്രമായ മാറ്റം വരുകയും റോഡ് ഉപയോക്താക്കളുടെയും തീവണ്ടികളുടെയും സുരക്ഷിതത്വത്തിനും ഗതാഗതത്തിനും ഗുണപ്രദമാകുമെന്ന് നിസ്സംശയം പറയാൻ കഴിയും. പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ പ്രസ്തുത മേഖലയിൽ നിലനിൽക്കുന്ന ഗതാഗത പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുവാനും പ്രദേശത്തെ വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുവാനും കഴിയുമെന്ന് നിസ്സംശയം പറയാം. പദ്ധതി പ്രദേശം ജനനിബിഡമായതിനാലും മറ്റു ഗതാഗതമാർഗ്ഗങ്ങളില്ലാത്തതിനാലും പദ്ധതി എത്രയും വേഗമാരംഭിച്ച് ജനങ്ങൾക്ക് ഗതാഗത ബുദ്ധിമുട്ടുണ്ടാക്കാതെ അവസാനിപ്പിക്കണമെന്നും കമ്മിറ്റി ശുപാർശ ചെയ്യുന്നു. നിർദ്ദിഷ്ട പദ്ധതി ഇതര പദ്ധതികളെ അപേക്ഷിച്ച് എതിർപ്പില്ലാത്തതിനാലും പരിസ്ഥിതിക, സാമൂഹികാഘാതം കുറവായതിനാലും നിർദ്ദിഷ്ട പദ്ധതി രൂപരേഖ നിലവിലുള്ള റോഡ് ഗതാഗതത്തിന്റെ അപര്യാപ്തതയും ന്യൂനതയും പരിഹരിച്ച് ഭാവിയിലുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനാലും പദ്ധതി അത്യന്തം ശ്ലാഘനീയവും ജനങ്ങൾക്കുപകാരപ്രദവുമാണ്.

പ്രസ്തുത മേൽപ്പാലത്തിനായി 21 കുടുംബങ്ങളുടെ വസ്തുവകകൾ നഷ്ടപ്പെടുന്നതിൽ പദ്ധതി ബാധിതർക്ക് അർഹിക്കുന്നതും ന്യായപരവുമായ നഷ്ടപരിഹാരം നൽകി ആവശ്യമായ അപ്രോച്ച് റോഡ് നിർമ്മിച്ച് പദ്ധതിമൂലമുണ്ടാകുന്ന മാലിന്യ പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി എത്രയും വേഗം യാഥാർത്ഥ്യമാക്കണമെന്ന് താഴ്മയായി അഭ്യർത്ഥിക്കുന്നു.

പ്രസ്തുത പദ്ധതി ജനങ്ങൾക്ക് ഉപകാരപ്രദമായതിനാലും പദ്ധതിയുടെ നിർമ്മാണത്തിനാവശ്യമായ അടങ്കൽ തുക ഭാവി കേരള സമ്പത്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കാത്തതിനാലും പദ്ധതിക്കായി ബദൽ മാർഗ്ഗങ്ങളില്ലാത്തതിനാലും പുരോഗമന ത്വരിതമായതിനാലും മുളങ്കുന്നത്തുകാവ് - പൂങ്കുന്നം റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ എൽ.സി നമ്പർ 15 നു പകരം മേൽപ്പാലം നിർമ്മിച്ച് എത്രയും വേഗം പണിയാരംഭിച്ച് സമയബന്ധിതവും സുതാര്യവും ക്രിയാത്മകവുമായി അവസാനിപ്പിക്കണമെന്ന് വിദ്ഗദ്ധ സമിതി ബഹു. ജില്ലാകളക്ടർ അവർകൾ മുമ്പാകെ ശക്തമായും താഴ്മയായും ശുപാർശ ചെയ്യുന്നു.

എന്ന്

വിദഗ്ദ്ധ സമിതി ചെയർമാൻ

22/10/22

ഡോ. ബിനു കെ.

## വിദഗ്ദ്ധ സമിതി അംഗങ്ങളുടെ വിവരം.

| ക്രമ നം | കാറ്റഗറി | പേര് | ഒപ്പ് / തീയ്യതി |
|---|---|---|---|
| 1 | സാമൂഹിക ശാസ്ത്രജ്ഞൻ | 1. ഡോ.ബിനു കെ., , അസി. പ്രൊഫസർ വിമല കോളേജ്, തൃശൂർ - 680 002 ഫോൺ- 9846678530<br>ഇ-മെയിൽ - binupalara1976@gmail.com | 29/10/22 |
| | സാമൂഹിക ശാസ്ത്രജ്ഞൻ | 2. ഡോ.ചാക്കോ ജോസ് പി, പ്രിൻസിപ്പൽ, സെന്റ് അലോഷ്യസ് കോളേജ്, എൽത്തുരുത്ത്<br>ഫോൺ - 9447033292<br>ഇ-മെയിൽ - chackojosep@gmail.com | 29/10/22 |
| 2 | പുനരധിവാസ പ്രവർത്തനങ്ങളിൽ വിദഗ്ദർ | 3. ശ്രീമതി യമുനാദേവി സി.ടി, ഡെപ്യൂട്ടി കളക്ടർ (എൽ.എ), കളക്ടറേറ്റ്, തൃശ്ശൂർ | 29/10/22 |
| | | 4. ശ്രീ. ഷിജൻ വി.ആർ, സ്പെഷ്യൽ തഹസിൽദാർ, എൽ.എ, (സെമി ഹൈസ്പീഡ് റെയിൽവേ പ്രൊജക്ട്സ തൃശ്ശൂർ | 29/x/2022 |
| 3 | സാങ്കേതിക വിദഗ്ദർ | 5. ശ്രീ.ഹരിദാസൻ എസ്, ഡെപ്യൂട്ടി ജനറൽ മാനേജർ, KRDCL ഫോൺ- 9447721040 | 29/10/22 |
| 4 | ജനപ്രതിനിധി | 6. ശ്രീമതി ഉഷ രവീന്ദ്രൻ, ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ & മെമ്പർ, വാർഡ് 2, ഫോൺ 9744504966<br>7 ശ്രീമതി. ബീന രാധാകൃഷ്ണൻ, മെമ്പർ വാർഡ് 3 ഫോൺ 9847938665 | 29-10-22<br>Beena 29-10-22 |